**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1913** **09-12-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര കുളത്തൂർ ഗവ: കോളേജിന്റെ നാക് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കുളത്തൂർ ഗവ: കോളേജിന് നാക് അംഗീകാരം ലഭിക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് നിലവിൽ കോളേജ് സ്ഥിതി ചെയ്യുന്നത്.പ്രസ്തുത കെട്ടിടമുൾപ്പെടെയുള്ള ഭൂമി ഏറ്റെടുത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.NAAC അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനായി സ്വന്തമായി ഭൂമിയും കെട്ടിടവും ആവശ്യമാണ്. ഭൂമി ഏറ്റെടുക്കലും കെട്ടിട നിർമ്മാണവും പൂർത്തീകരിച്ചാൽ മാത്രമേ NAAC അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത അംഗീകാരം ലഭിക്കാൻ പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂളിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് നിലവിൽ കോളേജ് സ്ഥിതി ചെയ്യുന്നത്.പ്രസ്തുത കെട്ടിടമുൾപ്പെടെയുള്ള ഭൂമി ഏറ്റെടുത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.NAAC അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനായി സ്വന്തമായി ഭൂമിയും കെട്ടിടവും ആവശ്യമാണ്. ഭൂമി ഏറ്റെടുക്കലും കെട്ടിട നിർമ്മാണവും പൂർത്തീകരിച്ചാൽ മാത്രമേ NAAC അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും പ്രീഫാബ് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുകയെത്രയെന്നും ഇതിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിക്കാണ് എന്ന് വ്യക്തമാക്കുമോ; | (സി) | പ്രീ-ഫാബ് കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും GO(Rt)No.1368/2022/Hedn തിയതി 14/09/2022 പ്രകാരം 8021000/-(എൺപത് ലക്ഷത്തി ഇരുപത്തൊന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട് .പൊതുമരാമത്തു വകുപ്പാണ് പ്രവർത്തി ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർമ്മാണത്തിനായി സർക്കാർ നൽകിയ ഭരണാനുമതി നമ്പരും തീയതിയും വിശദമാക്കുമോ? | (ഡി) | പ്രീ-ഫാബ് കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും GO(Rt)No.1368/2022/Hedn തിയതി 14/09/2022 പ്രകാരം 8021000/-(എൺപത് ലക്ഷത്തി ഇരുപത്തൊന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട് .പൊതുമരാമത്ത് വകുപ്പാണ് പ്രവർത്തി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ